**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**

**തീയതി 31.05.2024**

# "അഴിമതി കേസ്സുകളിൽ, രണ്ടുപേരെ കഠിന തടവിന് ശിക്ഷിച്ചു."

പത്തനംതിട്ട ജില്ലയിലെ പുതുശ്ശേരി മാവേലി സ്റ്റോറിലെ ഷോപ്പ് മാനേജരായിരുന്ന ബേബി സൗമ്യ 2007-2008 കാലഘട്ടത്തിൽ ക്രമക്കേട് നടത്തിയതിന് തിരുവനന്തപുരം വിജിലൻസ് കോടതി 12 വർഷം കഠിനതടവിനും 8,07,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

മറ്റൊരു കേസ്സിൽ കോട്ടയം ജില്ലയിലെ അരീക്കര മാവേലി സ്റ്റോറിലെ അസിസ്റ്റന്റ് സെയിൽസ്മാനും മാനേജർ ചുമതല വഹിച്ചിരുന്ന ആർ. മണിയെ 2008-2009 കാലഘട്ടത്തിൽ ക്രമക്കേട് നടത്തിയതിന് 6 വർഷം കഠിന തടവിനും 4 ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും കോട്ടയം വിജിലൻസ് കോടതി ശിക്ഷിച്ചു.

2007-2008 കാലഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ പുതുശ്ശേരി മാവേലി സ്റ്റോറിൽ ഷോപ്പ് മാനേജരായി ചുമതല വഹിച്ചിരുന്ന ബേബി സൗമ്യ മാവേലി സ്റ്റോറിൽ നിന്നും 5,56,181/- രൂപയുടെ ക്രമക്കേട് നടത്തിയതിന് പത്തനംതിട്ട വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസ്സിലാണ് ബേബി സൗമ്യ കുറ്റക്കാരിയാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി 3 വർഷം വീതം ആകെ 12 വർഷം കഠിനതടവും 8,07,000/-രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി എന്ന് വിധി ന്യായത്തിൽ പറയുന്നു.

പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. വി. വി അജിത്ത് രജിസ്റ്റർ ചെയ്ത കേസ്സിൽ ഡി.വൈ.എസ്.പി മാരായിരുന്ന ശ്രീ. വി. വി അജിത്ത്, ശ്രീ. ബേബി ചാൾസ്, ശ്രീ. പി. കെ ജഗദീഷ്, ശ്രീ. പി. ഡി രാധാകൃഷ്ണപിള്ള എന്നിവർ അന്വേഷണം നടത്തി ഡി.വൈ.എസ്.പി

ആയിരുന്ന ശ്രീ. പി. ഡി രാധാകൃഷ്ണപിള്ള കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ബേബി സൗമ്യ കുറ്റക്കാരിയാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തിയത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. വീണാ സതീശൻ ഹാജരായി.

2008-2009 കാലഘട്ടത്തിൽ കോട്ടയം ജില്ലയിലെ അരീക്കര മാവേലി സ്റ്റോറിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ആൻഡ് ഇൻ ചാർജ് ഷോപ്പ് മാനേജരായിരുന്ന ആർ. മണി മാവേലി സ്റ്റോറിൽ നിന്നും 3,35,882/- രൂപയുടെ ക്രമക്കേട് നടത്തിയതിന് കോട്ടയം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസ്സിലാണ് മണി കുറ്റക്കാരനാണെന്ന് കോട്ടയം വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി 2 വർഷം വീതം ആകെ 6 വർഷം കഠിനതടവിനും 4 ലക്ഷം രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി എന്ന് വിധി ന്യായത്തിൽ പറയുന്നു.

കോട്ടയം വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. പി. കൃഷ്ണകുമാർ രജിസ്റ്റർ ചെയ്ത കേസ്സിൽ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. കെ. എ രമേശൻ, ശ്രീ. ബേബി അബ്രഹാം, ശ്രീ. അമ്മിണികുട്ടൻ എന്നിവർ അന്വേഷണം നടത്തി ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. പി. കൃഷ്ണകുമാർ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ മണി കുറ്റക്കാരനാണെന്ന് കോട്ടയം വിജിലൻസ് കോടതി കണ്ടെത്തിയത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശ്രീകാന്ത്. കെ. കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.